(ഡി) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 189 തസ്തികകൾ. 114 ജീവനക്കാർ.

(ബി) 46 ഒഴിവുകൾ.

(സി) 29 ഒഴിവുകൾ.

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സൗരോർജ്ജ പദ്ധതികൾ

53 (393) ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിക്കുള്ള സാമ്പത്തിക സഹായം എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദമാക്കാമോ ;

(ഡി) ഇതു സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സ്ഥല ലഭ്യതക്കുറവാണ് വൻകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മുന്നിലുള്ള പ്രതിബന്ധം. ഇത് നേരിടുന്നതിന് കൃഷിക്ക് യോഗ്യമല്ലാത്തതും വാണിജ്യ പ്രാധാന്യമില്ലാത്തതും വില കുറഞ്ഞതുമായ ഭൂമി കണ്ടെത്തുവാൻ ശ്രമങ്ങൾ നടത്തുന്നുണ്ട്. എൻ.എച്ച്.പി.സി.-യുമായി ചേർന്ന് വെസ്റ്റ് കല്ലടയിൽ നടപ്പിലാക്കുന്ന 50 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി എടുത്ത് പറയേണ്ടതാണ്. 300 ഏക്കറോളം വിസ്തൃതിയുള്ള തരിശായ ചതുപ്പ് ഭൂമിയാണ് ഇതിനായി കണ്ടെത്തിയിരിക്കുന്നത്.

എൻ.എച്ച്.പി.സി.-യുടെ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതിയുടെ ഘടന ചുവടെ ചേർക്കുന്നു :

(1) പദ്ധതി ഭൂമിയുടെ പാട്ടവില കെ.എസ്.ഇ.ബി. ലിമിറ്റഡ്, വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് ഇതിനായി രൂപീകരിക്കുന്ന ഭൂഉടമകളുടെ കമ്പനിക്ക് നൽകുന്നു.

(2) പദ്ധതിയിൽനിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് ഭൂമിയുടെ വില മൂലധനത്തിൽ ഉൾപ്പെടുത്താതെ കണക്കാക്കുകയും ആ വിലയ്ക്ക് കെ.എസ്.ഇ.ബി., പദ്ധതിയിൽ നിന്നുള്ള വൈദ്യുതി വാങ്ങുകയും ചെയ്യും.

(3) ഭൂമിയുടെ പാട്ടത്തുക, കെ. എസ്. ഇ. ബി യുടെ വാർഷിക ചെലവുകളിൽ ഉൾപ്പെടുത്തുവാൻ റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെടും

(ഡി) ഉണ്ട്. വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ 50 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് എൻ.എച്ച്.പി.സി.-യുമായി 7-5-2014-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഈ പദ്ധതിയിൽനിന്നുള്ള വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന താരിഫിലാണ് വാങ്ങിക്കുന്നത്. വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തും ഭൂമി ഉടമസ്ഥരുമായിട്ട് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) രൂപീകരിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സുഗമമാക്കിക്കൊടുക്കുന്നതാണ്. ഈ പദ്ധതിയിൽനിന്ന് വൈദ്യുതി എടുക്കുന്നതിന് ആവശ്യമായ അനുബന്ധ ലൈനുകളും ഉപകരണങ്ങളും ഗവൺമെന്റിന്റെ സോളാർ

പോളിസി നിഷ്കർഷിക്കുന്നതിനനുസരിച്ച് കെ.എസ്.ഇ.ബി. ചെയ്യ കൊടുക്കുന്നതാണ്. ഈ പദ്ധതി ബിൽഡ്-ഓൺ-ഓപ്പറേറ്റ് ട്രാൻസ്ഫർ (BOOT) മാതൃകയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

വീടുകളിൽ സൗരോർജ്ജ വൈദ്യുതി

54 (394) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടുകളിൽ സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും നൽകുന്ന സബ്സിഡികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വീടുകളിൽനിന്നുള്ള സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ട് 10000 റൂഫ് ടോപ്പ് സൗരോർജ്ജ വൈദ്യുത പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ ഒരു വീട്ടിൽ ഒരു കിലോവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചുവരുന്നു. ഇതിലൂടെ 10 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10-6-2014-ൽ "Grid Interactive Distributed Solar Energy Systems" എന്ന പേരിൽ ഒരു മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉപഭോക്താവിന്റെ ആവശ്യത്തിൽ കവിഞ്ഞ ഉല്പാദനമുള്ള സമയങ്ങളിൽ അധിക വൈദ്യുതി ലൈനിലേയ്ക്ക് പ്രസരിപ്പിക്കുന്നതിനും ഉല്പാദനം കുറഞ്ഞതോ, ഇല്ലാത്തതോ ആയ സന്ദർഭങ്ങളിൽ പകരം വൈദ്യുതി ലൈനിൽ നിന്നും തിരികെ സ്വീകരിക്കാനും മാർഗ്ഗരേഖ വ്യവസ്ഥ ചെയ്യുന്നു. സൗരോർജ്ജ പ്ലാന്റുകളിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ഉടമയായ വൈദ്യുത ഉപഭോക്താവ് ഏത് നിരക്കിലാണോ വൈദ്യുതി ഉപയോഗിക്കുന്നത് അതേ നിരക്കിലായിരിക്കും ലഭിക്കുക. തന്മൂലം ഉപഭോക്താവിന് വൈദ്യുതി ബിൽ ഇളവ് ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly